# വൈക്കം-ഗുരുവായൂർ സത്യാഗ്രഹങ്ങളും മന്നത്തുപത്മനാഭനും

ക്ഷേത്രപ്രവേശനവിളംബരത്തിനു വളരെ മുമ്പുതന്നെ പെരുന്നയിലെ മാരണത്തുകാവ് ക്ഷേത്രം സകലഹിന്ദുക്കൾക്കുമായി മന്നത്തു പത്മനാഭൻ തുറന്നുകൊടുത്ത സംഭവമാണ് ക്ഷേത്രപ്രവേശനം എന്ന ആശയംതന്നെ സൃഷ്ടിച്ചത്. കേരളത്തിലെ നവോത്ഥാനസംരംഭങ്ങൾക്ക് തുടക്കം കുറിച്ചത് ഈ സൽപ്രവൃത്തിയാണ്. നൂറുകൊല്ലംമുമ്പ് അവർണ്ണർക്ക് ക്ഷേത്രപ്രവേശനം അനുവദിക്കുക എന്നത് സങ്കല്പത്തിൽ പോലും ഇല്ലായിരുന്നു.

വിപ്ലവാത്മകമായ ഈ സംഭവത്തിനു ശേഷം നടന്ന വൈക്കം സത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും ആരംഭിച്ചത് ക്ഷേത്രത്തിനു സമീപമുള്ള പൊതുനിരത്തുകളിലൂടെയുള്ള സഞ്ചാരസ്വാതന്ത്ര്യത്തിനു വേണ്ടിയായിരുന്നു. എന്നാൽ, ക്ഷേത്രത്തിൽ പ്രവേശിച്ച് ആരാധന നടത്തുന്നതിനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ളതാകണം ഈ സമരം എന്ന് പ്രഖ്യാപിച്ചത് മന്നത്തുപത്മനാഭനാണ്.

1924 മാർച്ച് 30-ന് വൈക്കം സത്യാഗ്രഹം ആരംഭിച്ചെങ്കിലും അവർണ്ണരുടെ ക്ഷേത്രപ്രവേശനത്തിനു വേണ്ടിയുള്ള സവർണ്ണജാഥ മന്നത്തുപത്മനാഭന്റെ നേതൃത്വത്തിൽ നവംബർ ഒന്നാംതീയതി ആരംഭിച്ചതോടെയാണ് സത്യാഗ്രഹം സജീവമായത്. നവംബർ 11-ന് ജാഥ തിരുവനന്തപുരത്തെത്തി. അടുത്ത ദിവസം റീജന്റ് സേതുലക്ഷ്മീഭായിക്ക് മെമ്മോറാണ്ടം സമർപ്പിച്ചു. അതിനുശേഷം 1925 നവംബർ 23-ന് ആണ് വൈക്കംസത്യാഗ്രഹം അവസാനിപ്പിച്ചത്.

അതുപോലെതന്നെ 1931 നവംബർ 1-ന് കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ ഗുരുവായൂർസത്യാഗ്രഹം ആരംഭിച്ചെങ്കിലും 1932 സെപ്റ്റംബർ 22-ന് മന്നവും കേളപ്പനും സത്യാഗ്രഹം ആരംഭിച്ചതോടെയാണ് ഗുരുവായൂർ സത്യാഗ്രഹത്തിന് ജീവൻവെച്ചത്. 1932 ഒക്ടോബർ 2-ന് ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം സത്യാഗ്രഹം അവസാനിപ്പിക്കുകയായിരുന്നു.

ഈ സത്യാഗ്രഹങ്ങളുടെ അടിസ്ഥാനത്തിലാണ് 1936 നവംബർ 12-ന് ക്ഷേത്രപ്രവേശനവിളംബരം ഉണ്ടായത്.

എന്നാൽ, ഇതു സംബന്ധിച്ച തുടർന്നുള്ള ചടങ്ങുകളിലൊക്കെ, മന്നത്തിനോടൊപ്പമുണ്ടായിരുന്നവർക്ക് നല്കിവരുന്ന പരിഗണന അദ്ദേഹത്തിനോ അദ്ദേഹത്തിന്റെ സംഘടനയ്ക്കോ നല്കുന്ന കാര്യത്തിൽ ബന്ധപ്പെട്ടവർ ശ്രദ്ധിച്ചിട്ടില്ല എന്നു മാത്രമല്ല, ബോധപൂർവം അവഗണിക്കുന്ന സമീപനമാണ് ഇന്നോളം ഉണ്ടായിട്ടുള്ളത്. ഇതിനെതിരെ എന്തെങ്കിലും അവകാശവാദം ഉന്നയിക്കുന്നതിനോ പ്രതിഷേധിക്കുന്നതിനോ ആരുംതന്നെ ഇന്നോളം തയ്യാറായിട്ടില്ല.

നവോത്ഥാനപ്രവർത്തനങ്ങൾകൊണ്ട് നമ്മുടെ നാടിനുണ്ടായ മാറ്റങ്ങളിൽ സന്തോഷിക്കുന്നത് നല്ലതുതന്നെ. അതിന് ഏറ്റവും അർഹതപ്പെട്ടവർ അതിന്റെ ഗുണഭോക്താക്കളുമാണ്. അതിൽ ഞങ്ങൾ അഭിമാനിക്കുന്നു.

നവോത്ഥാനസംരംഭങ്ങളിൽ മന്നത്തുപത്മനാഭന്റെ പാത നായർ സർവീസ് സൊസൈറ്റി എന്നും പിന്തുടരുകതന്നെ ചെയ്യും.